നം.ക്യു.ഐ.പി(1)/57878/2015/ഡി.ജി.ഇ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 29 .6.2019.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

H582

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ ഹയർ സെക്കന്ററി വിഭാഗം,
അസിസ്റ്റന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ വിഭാഗം പ്രഥമാദ്ധ്യാപകർക്കും
(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

സർ,

വിഷയം:- ഒ.ആർ.സി പദ്ധതിയുടെ 2019-20 അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 31.5.2019 തീയതിയിലെ വനിതാ ശിശു വികസന ഡയറക്ടറുടെ കത്ത് നമ്പർ ICPS6/3243/19.

****

കുട്ടികളിൽ പലരും നേരിടുന്ന സ്വഭാവ വൈകാരിക-പഠന-മാനസിക-സാമൂഹിക വെല്ലുവിളികളെ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിന് രക്ഷിതാക്കളെയും അദ്ധ്യാപകരെയും പൊതു സമൂഹത്തെയും പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തെരെഞ്ഞെടുക്കപ്പെട്ട 304 സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി) വനിതാ ശിശുവികസന വകുപ്പിനെ കൂടാതെ വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം, തദ്ദേശസ്വയംഭരണം, എക്സൈസ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങിയ വകുപ്പുകളുടെയും, പൊതു സമൂഹത്തിന്റെയും തുല്യ പങ്കാളിത്തത്തോടെയാണ് പ്രസ്തുത പരിപാടി നടപ്പിലാക്കിവരുന്നത്. ഓ.ആർ.സി പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ 2019-2020 അധ്യയന വർഷത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ബന്ധപ്പെട്ട എല്ലാ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരും, പ്രഥമാദ്ധ്യാപകരും ഉള്ളടക്കത്തിൽ പറഞ്ഞിരിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ

- എല്ലാ ഓ.ആർ.സി. സ്കൂളുകളിലും (ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളൊട്ടാകെ ഉൾപ്പെടുത്തികൊണ്ട്) ഒരു ഓ.ആർ.സി. കോർടീം (സ്കൂൾ തലവൻമാർ, നോഡൽ ടീച്ചർ, സ്കൂൾ കൗൺസിലർ, സ്കൂൾ ഹെൽത്ത് നഴ്സ്, പി.ടി.എ. പ്രതിനിധി, സ്റ്റാഫ് സെക്രട്ടറി/സീനിയർ അസിസ്റ്റന്റ്, എസ്.പി.സി.യുടെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ/എൻ.സി.സി./ജെ.ആർ.സി. കോർഡിനേറ്റർ) കഴിഞ്ഞ അദ്ധ്യയന വർഷം രൂപീകരിച്ചിട്ടുണ്ട്. ടി കോർടീം അംഗങ്ങളിൽ നോഡൽ ടീച്ചർ ട്രാൻസ്ഫർ ആയിട്ടുള്ള സ്കൂളുകളിൽ പകരം കഴിവും അഭിരുചിയും താല്പര്യവുമുള്ള ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ കണ്ടെത്തി ഓ.ആർ.സി. നോഡൽ ടീച്ചറായി നിയോഗിക്കേണ്ടതാണ്. നോഡൽ ടീച്ചർമാരെ തെരെഞ്ഞെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. ഓ.ആർ.സി. പദ്ധതി നടപ്പിലാക്കി വരുന്ന സ്കൂളുകളിലെ എം.പി.ടി.എ. പ്രതിനിധി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് കൺവീനർ എന്നിവരെ കൂടി കോർടീമിൽ ഉൾപ്പെടുത്തേണ്ടതാണ്. മേൽസൂചിപ്പിച്ച പ്രകാരമുള്ള ഘടനയിൽ പദ്ധതി നടപ്പിലാക്കുന്ന എല്ലാ സ്കൂളുകളിലും ജൂൺ മാസം 15 നു മുമ്പായി കോർടീം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽതെരെഞ്ഞെടുക്കപ്പെട്ട കോർടീം അംഗങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും അനുബന്ധം 2 ൽ ചേർക്കുന്നു.
- എല്ലാ ജില്ലകളിലും ഓ.ആർ.സി. സ്കൂളുകളിലെ കോർടീമംഗങ്ങളെ മുഴുവനായും പങ്കെടുപ്പിച്ചുകൊണ്ട് ദ്വിദിന ജില്ലാതല ശില്പശാല ജൂലൈയ് മാസം ആദ്യത്തെ ആഴ്ചകളിലായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും കോർടീം പരിശീലന പരിപാടി ജില്ലാതലത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതുമാണ്.
- സ്കൂളുകളിൽ പുതുതായി വരുന്ന ഓ.ആർ.സി. പരിശീലനം നേടാത്ത അദ്ധ്യാപകരെ അതത് ജില്ലാതലത്തിൽ നടക്കുന്ന ഓ.ആർ.സി. അദ്ധ്യാപക പരിശീലന പരിപാടിയിൽ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്.
- നിലവിൽ ഓ.ആർ.സി. പരിശീലനം നേടിയ അദ്ധ്യാപകർക്ക് കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ഫലപ്രദമായി ഇടപെടലുകൾ നടത്തുന്നതിന് ഓ.ആർ.സി. തയ്യാറാക്കിയിട്ടുള്ള വിഡിയോ മോഡ്യൂൾ ഉപയോഗിച്ച് പരിശീലനം നൽകുന്നതിന് സ്കൂൾ തലത്തിൽ ആവശ്യമായ സമയം അനുവദിക്കുകയും പ്രസ്തുത പരിശീലനത്തിൽ സ്കൂളിലെ മുഴുവൻ അദ്ധ്യാപകരുടേയും പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.
- ആർ.എ.ഡി, ആർ.ഡി.ഡി. ഇല്ലാത്ത ജില്ലകളിൽ ഓ.ആർ.സി. യുടെ ചുമതല ജില്ലാതലത്തിൽ ഒരു ഉദ്യോഗസ്ഥനെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.
- പദ്ധതി നടപ്പിലാക്കുന്ന എല്ലാ സ്കൂളുകളിലും പോലീസിന്റെ സഹായത്തോടെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും പ്രവർത്തനങ്ങൾ ശാക്തീകരിക്കേണ്ടതുമാണ്.
- മെന്ററിംഗ് – പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികളിൽ സഹരക്ഷാകർത്തൃത്വം ആവശ്യമുള്ള കുട്ടികൾക്ക് മെന്റർമാരെ കണ്ടെത്തി പിന്തുണ ഉറപ്പാക്കേതുണ്ട്. മെന്റർമാർക്കുള്ള പരിശീലനം പൂർത്തീകരിച്ചിട്ടുള്ള ജില്ലകളിൽ മെന്ററിംഗ് പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

പ്രസ്തുത പ്രവർത്തനങ്ങൾ ജില്ലയിൽ കോർഡിനേറ്റ് ചെയ്യുന്നതിനായി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കീഴിൽ ഓരോ ജില്ലയിലും ഓ.ആർ.സി. പ്രോജക്ട് അസിസ്റ്റന്റ്/സൈക്കോളജിസ്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അനുബന്ധം 1

നോഡൽ ടീച്ചറെ തെരെഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ

- ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി തലങ്ങളിൽ നിന്നും ഓരോ നോഡൽ ടീച്ചർമാരെ തെരെഞ്ഞെടുക്കേണ്ടതുണ്ട്.
- കഴിവും അഭിരുചിയും താല്പര്യവും അർപ്പണ ബോധവുമുളള അദ്ധ്യാപകരാകുന്നതാണ് ഉചിതം.
- ഓ.ആർ.സി. നോഡൽ ടീച്ചറായി തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് മറ്റ് അധിക ചുമതല നൽകാതിരിക്കുക.
- ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതും കുട്ടികളുടെ പ്രശ്നങ്ങൾ രഹസ്യാത്മകമായി സൂക്ഷിക്കേണ്ടതുമാണ്.
- വ്യക്തിഗത വിദഗ്ദ്ധ പരിചരണം ആവശ്യമായ കുട്ടികളിൽ തുടർ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയും റഫറൽ സംവിധാനങ്ങൾ ആവശ്യമായ വിധം ഉപയോഗപ്പെടുത്തേണ്ടതുമാണ്.
- ഓ.ആർ.സി. സ്കൂൾതല പ്രവർത്തനങ്ങളും കുട്ടികളുടെ ഇടയിൽ നടത്തുന്ന ഇടപെടലുകളും ഓ.ആർ.സി. നോഡൽ ടീച്ചർമാർക്കുളള ഡയറിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.
  - മാസത്തിലൊരിക്കൽ സ്കൂളിൽ സംഘടിപ്പിക്കുന്ന സ്കൂൾതല കോർടീം യോഗത്തിൽ പങ്കെടുക്കുകയും പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യണം.

അനുബന്ധം 2

കോർടീം അംഗങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും

- തെരെഞ്ഞെടുക്കപ്പെട്ട നോഡൽ ടീച്ചർമാരിൽ നിന്നും (ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി) ഒരാളെ സ്കൂൾ കോർടീം കൺവീനറായി നിയോഗിക്കേണ്ടതാണ്.
- മാസത്തിൽ ഒരു തവണ കോർടീം യോഗം ചേരുകയും മിനിട്ട്സ് ഓ.ആർ.സി. രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ആയതിന്റെ പകർപ്പ് അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

- ഓ.ആർ.സി. വിദ്യാർത്ഥിയെ അറിയാൻ കാർഡ് വഴി കണ്ടെത്തുന്ന വ്യക്തിഗത വിദഗ്ദ്ധപരിചരണം ആവശ്യമുള്ള കുട്ടികളിൽ ഇടപെടൽ നടത്തുകയും തുടർപരിചരണം ഉറപ്പുവരുത്തുകയും ആയതിന്റെ റിപ്പോർട്ട് ഓ.ആർ.സി. ഡയറിയിൽ എഴുതി സൂക്ഷിക്കുകയും ചെയ്യുക.
- സ്കൂൾതലത്തിൽ കുട്ടികൾക്കായി നടത്തുന്ന പ്രത്യേക പരിപാടികളുമായി ബന്ധപ്പെട്ട് കോർടീം യോഗത്തിൽ കുട്ടികളുടെ പ്രതിനിധിയെ കൂടി പങ്കെടുപ്പിക്കേണ്ടതാണ്.
- സ്കൂളിലെ പൊതുവായ പ്രശ്നങ്ങൾ കണ്ടെത്തുകയും പരിഹാരമാർഗ്ഗങ്ങളെ കുറിച്ച് തീരുമാനമെടുക്കുകയും നടപ്പിലാക്കുകയും ചെയ്യുക. ആയതിന്റെ റിപ്പോർട്ട് എഴുതി സൂക്ഷിക്കുക.
- വിദ്യാലയ പുരോഗതിയ്ക്കായി വിവിധ വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുകയും പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക.
- തെരഞ്ഞെടുക്കപ്പെടുന്ന കോർടീം ഓ.ആർ.സി.യുടെ സ്കൂൾതല പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുകയും ജില്ലാതല ഓ.ആർ.സി. ടീമുമായി യഥാസമയങ്ങളിൽ ബന്ധപ്പെടേണ്ടതുമാണ്.